പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3766 — 11.12.2018-ലെ മറുപടിക്ക്

## പത്തനംതിട്ട ഡിപ്പോയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ

**ചോദ്യം**

ശ്രീമതി.വീണാ ജോർജ്ജ്

**മറുപടി**

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഏതെല്ലാം ലോഫ്ലോർ ദീർഘദൂര സർവ്വീസുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്; | (എ) | നിലവിൽ, പത്തനംതിട്ട ഡിപ്പോയിൽ നിന്നും ലോ ഫ്ലോർ ബസ്സുകൾ ഉപയോഗിച്ച് ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല. |
| (ബി) | പത്തനംതിട്ടയ്ക്ക് അനുവദിച്ച ബംഗളൂർ സ്കാനിയ ബസിന്റെ ബുക്കിംഗിൽ പത്തനംതിട്ട നിന്നും പരിസരപ്രദേശങ്ങളിൽ നിന്നും ബുക്ക് ചെയ്യുന്നവർക്ക് നിലവിൽ മുൻഗണനയുണ്ടോ ; ഇല്ലെങ്കിൽ മുൻഗണന നൽകാൻ കഴിയുമോ എന്നറിയിക്കാമോ? | (ബി) | ഭരണപരവും, അറ്റകുറ്റപണികൾ നടത്തുന്നതിനുമായിട്ടുള്ള സൗകര്യാർത്ഥമാണ് പത്തനംതിട്ടയിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് സർവ്വീസ് ദിർഘിപ്പിച്ചത്. എന്നാൽ ഇപ്പോഴും പ്രസ്തുത ബസ് പത്തനംതിട്ട വഴി തന്നെയാണ് സർവ്വീസ് നടത്തുന്നത്. ടി ബസിന്റെ ഓൺലൈൻ റിസർവേഷൻ തിരുവനന്തപുരം സെൻട്രലിൽ നിന്നും ആരംഭിച്ച് ബാംഗ്ലൂർ വരെ ഇടയ്ക്കുള്ള എല്ലാ മുഖ്യസ്ഥലങ്ങളിൽ നിന്നും ലഭ്യമാണ്. പത്തനംതിട്ടയിലും പരിസര പ്രദേശങ്ങളിലുമുള്ള യാത്രക്കാർക്ക് മാത്രമായി മുൻഗണന നൽകുവാൻ സാധിക്കുകയില്ല. കാരണം മുൻഗണന നൽകിയാൽ ബസ് കടന്നു പോകുന്ന മറ്റ് സ്ഥലങ്ങളിലെ യാത്രക്കാർക്ക് ടിക്കറ്റ് ബുക്ക് ചെയ്യുവാൻ സാധിക്കാതെവരും. ആയതിനാൽ പരിസര പ്രദേശങ്ങളിൽ നിന്നും ബുക്ക് ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നില്ല. പ്രസ്തുത നിർദ്ദേശം അപ്രായോഗികമായതിനാൽ പരിഗണിക്കുവാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ